## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 285** **09-10-2025 - ൽ മറുപടിയ്ക്ക്**

## ടിഷ്യൂ കൾച്ചർ സാങ്കേതികവിദ്യയിലൂടെ തെങ്ങിൻ തൈ ഉല്പാദനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പ്രായാധിക്യം കൊണ്ടും രോഗകീടബാധമൂലവും ഉല്പാദനക്ഷമത തീരെ കുറഞ്ഞ തെങ്ങുകൾക്ക് പകരം മെച്ചപ്പെട്ട ഇനം തൈകൾ നടുന്നതിനായി നടപ്പാക്കിയ പുനരുദ്ധാരണ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിന്റെ കാർഷിക സമ്പദ് വ്യവസ്ഥയിൽ നിർണായക സ്വാധീനമാണ് നാളീകേര കൃഷിയ്ക്കുള്ളത്. തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു. തെങ്ങിന്റെ ഉല്പാദന ക്ഷമത 2020-21 ൽ 6228 നാളികേരം/ഹെക്ടർ ആയിരുന്നത് 2023-24 ൽ 7211 നാളികേരം/ഹെക്ടർ ആയി ഉയർന്നതായി സാമ്പത്തിക സ്ഥിതി വിവര വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൃഷി വകുപ്പ് നടപ്പാക്കിയ “കേരഗ്രാമം” പദ്ധതി നാളികേര കൃഷിയിൽ മാറ്റങ്ങൾ കൊണ്ടുവന്നിരിക്കുകയാണ്. 523 കേരഗ്രാമങ്ങളിലൂടെ നാളികേരത്തിന്റെ ഉല്പാദനത്തിൽ വർദ്ധനവ് കൊണ്ടുവരുവാൻ സാധ്യമായി. നാളികേരത്തിന്റെ ഉത്പാദനവും തെങ്ങിന്റെ ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുക, രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിളകൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട്, നൂറ് ഹെക്ടർ തുടർച്ചയായ തെങ്ങ് കൃഷിയുള്ള പ്രദേശത്ത് കേരഗ്രാമം പദ്ധതിയിൽ നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷം 74 കേരഗ്രാമങ്ങളാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്.<br><br>രോഗം ബാധിച്ചതും പ്രായാധിക്യം മൂലം കായ്ഫലം കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി ഉത്പാദനക്ഷമതയുള്ള പുതിയ തൈകൾ നടുന്നതിനുള്ള ധനസഹായം കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2018 മുതൽ 2028 വരെയുള്ള കാലാവധിക്കുള്ളിൽ നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും സമയ ബന്ധിതമായി ഉറപ്പുവരുത്തുക എന്ന ഉദ്ദ്യേശത്തോടെ രൂപീകരിച്ച നാളികേര കൗൺസിൽ വഴി ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കർഷകർക്ക് വിതരണം ചെയ്തു വരുന്നു. നാളികേര കൃഷിക്കായി 73 കോടി രൂപയാണ് സംസ്ഥാന സർക്കാർ 2025-26 വർഷം വകയിരുത്തിയിരിക്കുന്നത്. ലോകബാങ്ക് ധനസഹായത്തോടെ കൃഷി വകുപ്പ് നടപ്പാക്കുന്ന "കേര" പദ്ധതിയിൻ കീഴിൽ നാളികേര കൃഷി പ്രോത്സാഹനത്തിനായി 90 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.<br><br>തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളിൽ, രോഗം ബാധിച്ചതും ഉത്പ്പാദന ക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചു മാറ്റുന്നതിനുള്ള സഹായം, ഒരു തെങ്ങിന് 1000 രൂപ എന്ന നിരക്കിൽ അനുവദിക്കുന്നു. കൂടാതെ തെങ്ങിന്റെ വിള വിസ്തൃതി വർദ്ധിപ്പിക്കാൻ അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ 75 ശതമാനം സബ്സിഡി നിരക്കിൽ നൽകുന്നു.<br><br>നാളികേര വികസന ബോർഡിന്റെ പദ്ധതിയായ “റീപ്ലാന്റിംഗ് ആൻഡ് റീജുവനേഷൻ “ പദ്ധതി വഴിയും തെങ്ങ് മുറിച്ച് മാറ്റുന്നതിനും, പുതിയ തൈകൾ നട്ടുന്നതിനും യഥാക്രമം 1000 രൂപയും, 40 രൂപയും നൽകുന്നു. |
| (ബി) | വർഷംതോറും എല്ലാ വാർഡുകളിലും 75 എണ്ണം വീതം തെങ്ങിൻ തൈകളുടെ വിതരണം എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | നാളികേര വികസന കൗൺസിൽ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ വാർഡിലും ഓരോ വർഷവും 75 എണ്ണം തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നാളിതുവരെ 70.42 ലക്ഷം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്തിട്ടുണ്ട്. കൃഷി വകുപ്പിന്റെ ഫാമുകൾ, കേരള കാർഷിക സർവ്വകലാശാലാ ഫാമുകൾ, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം, നാളികേര വികസന ബോർഡ് എന്നിവ മുഖാന്തിരം ഉല്പാദിപ്പിച്ച ഗുണമേന്മയുള്ള മുന്തിയ ഇനം തൈകൾ 50 ശതമാനം സബ്സിഡി നിരക്കിൽ ലഭ്യമാക്കി വരുന്നു. 2025-26 സാമ്പത്തിക വർഷം 550 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. |
| (സി) | ടിഷ്യൂ കൾച്ചർ സാങ്കേതികവിദ്യയിലൂടെ ഉത്തമ തെങ്ങിൻ തൈകൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ടിഷ്യൂകൾച്ചർ സാങ്കേതിക വിദ്യയിലൂടെ ഉത്തമ തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിലുള്ള ഗവേഷണം കേരള കാർഷിക സർവ്വകലാശാലയിൽ നടന്നുവരുന്നു. നാളികേര ഇനമായ പശ്ചിമ തീര |

| | | | | |
|---|---|---|---|---|
| | | | | നെടിയ ഇനത്തിന്റെ മുതിർന്ന കായ്കളിൽ നിന്നും ശേഖരിച്ച ഭ്രൂണങ്ങളാണ് ടിഷ്യൂകൾച്ചറിന് ഉപയോഗിച്ച് വരുന്നത്.<br><br>ICAR-ന്റെ കേന്ദ്ര ഗവേഷണ സ്ഥാപനമായ സി.പി.സി.ആർ.ഐ-യിൽ ഇളം തെങ്ങിൻ പൂങ്കുലകൾ (immature coconut florets) ഉപയോഗിച്ചുള്ള ടിഷ്യൂകൾച്ചർ ഗവേഷണം വിജയകരമായി നടന്നുവരുന്നു.<br><br>ടിഷ്യൂകൾച്ചർ സാങ്കേതിക വിദ്യയിലൂടെയുള്ള തെങ്ങിൻ തൈ ഉത്പ്പാദനം ഇപ്പോഴും പരീക്ഷണഘട്ടത്തിലാണ്.<br><br>വാണിജ്യാടിസ്ഥാനത്തിൽ തെങ്ങിൻ തൈകളുടെ ഉത്പാദനം നടന്നിട്ടില്ല. ടിഷ്യൂകൾച്ചറിലൂടെയുള്ള തെങ്ങിൻ തൈ ഉത്പാദനം വലിയ തോതിൽ വിജയിക്കുന്നതോടെ, മെച്ചപ്പെട്ടതും രോഗപ്രതിരോധ ശേഷിയുള്ളതുമായ തൈകൾ കർഷകർക്ക് കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കുവാൻ സാധിക്കും, എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ